ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ **EG1/35573/2023/DTE** തീയതി: **31-12-2025**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ)-ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ . **12.2025** ലെ ഇതേ നമ്പർ ഉത്തരവ്

ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതിന് വകുപ്പ് തല പ്രമോഷൻ കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുന്ന ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ട സൂചന സീനിയോറിറ്റി പട്ടികയിലെ ആദ്യത്തെ **10** ജീവനക്കാർ **01.01.2023** മുതൽ **31.12.2025** വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (സെൽഫ് അസ്സെസ്സ്മെൻറ് ) സഹിതം യോഗ്യത നേടിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് , നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ച ഉത്തരവിൻറെ പകർപ്പ് എന്നിവ സ്ഥാപനമേധാവികൾ മുഖേന ഈ സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ **7** ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കണമെന്ന് അറിയിക്കുന്നു . മേൽ സൂചിപ്പിച്ച കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നേരത്തെ സമർപ്പിച്ചിട്ടുള്ളവർ നൽകേണ്ടതില്ല

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായും തെറ്റ് കൂടാതെയും സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം വകുപ്പ് തല പ്രമോഷൻ കമ്മിറ്റി കൂടുന്നതിന് കാല താമസം നേരിടുന്നുണ്ട്. സി ആർ തെറ്റ് കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്ഥാപനമേധാവികൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ് .

മേൽ വിവരിച്ച സാഹചര്യത്തിൽ **2022** മുതൽ **2023** വരെ സി ആർ ഫിസിക്കലായും **2023** മുതൽ **SCORE** മുഖേനയും സമർപ്പിച്ചിട്ടില്ലാത്തവർ ഈ സർക്കുലർ പ്രസിദ്ധീകരിച്ച് ഏഴ് ദിവസത്തിനകം അവ സമർപ്പിക്കേണ്ടതാണ് എന്ന് കർശനമായി നിർദേശിക്കുന്നു .

ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ട ജീവനക്കാർ ആരെങ്കിലും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് .

കൂടാതെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെങ്കിലും പ്രസ്തുത തസ്തിക താൽകാലികമായോ സ്ഥിരമായോ പരിത്യജിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും അതിൻറെ അസ്സൽ പകർപ്പ് സ്ഥാപന മേധാവി മുഖേന അടിയന്തിരമായി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് . ഈ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കുവാൻ എല്ലാ സ്ഥാപനമേധാവികളെയും ഇതിനാൽ ചുമതലപ്പെടുത്തുന്നു

**ANI ABRAHAM**

**SENIOR JOINT DIRECTOR (PS)**

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in ) എന്ന വെബ്സൈറ്റ് മുഖാന്തിരം.

Signed by
Ani Abraham
Date: 31-12-2025 21:09:38